# പുതുസ്വപ്നങ്ങൾ ദർശിക്കുന്ന ആരാധകർ

ഡോ. തോമസ് പാറയ്ക്കൽ

ദിവ്യശിശുവിനെ ആരാധിക്കാനെത്തിയ പൗരസ്ത്യജ്ഞാനികളുടെ സന്ദർശനം ജറുസലേമിൽ ഉണ്ടാക്കിയ സംഭ്രമവും ഉന്നതങ്ങളെ നോക്കിയവർ ഭവനത്തിലെത്തി ശിശുവിന്റെ അമ്മയായ മറിയത്തോടും യൗസേപ്പിനോടും ചേർന്ന് ആരാധിച്ചു തിരിച്ചുപോകുന്നതുമാണ് പിറവിക്കാലം ഒന്നാം ഞായറിലെ ചിന്തകൾ. ആകാശങ്ങളിലേക്കും നോക്കുന്നവരായിരുന്നു പൗരസ്ത്യജ്ഞാനികൾ. പ്രകൃതിയുടെ പ്രതിഭാസങ്ങളെയും നിരന്തര മാറ്റങ്ങളെയും നോക്കാനും കാണാനും കണ്ടതിനെ വർത്തമാനകാലജീവിതത്തിനുതകുംവിധം വ്യാഖ്യാനിക്കാനും നിഗമനങ്ങളിലെത്താനും അവർ ശ്രദ്ധിച്ചു. യഹൂദർക്കു പിറന്ന രാജാവിനെ തേടി അവർ ജറുസലേമിലെത്തി. ജറുസലേം സമാധാനത്തിന്റെ നഗരിയാണ്. യഹൂദർക്കു രാജാവായവൻ നിശ്ചയമായും ജനിക്കുന്നത് രാജകൊട്ടാരത്തിലായിരിക്കുമെന്ന മാനുഷികഗണനയിലാണ് അവർ നീങ്ങിയതും ഹേറോദിന്റെ കൊട്ടാരത്തിൽ അന്വേഷിച്ചതും. ജീവിതത്തെ നിരന്തരമായ അന്വേഷണത്തിന്റെ–മടുപ്പും മടക്കവുമില്ലാത്ത അന്വേഷണത്തിന്റേതാക്കിയവരാണ് ജ്ഞാനികൾ. നമ്മുടെ നാളുകളിലെ അനുഭവങ്ങളുടെയും സംഭവങ്ങളുടെയും നിരകൾ കൂടുതൽ കൂടുതൽ അന്വേഷണത്തിനും ആരായലുകൾക്കും നമ്മെ നിർബന്ധിക്കുന്നുണ്ട്. കാലത്തിന്റെ സംവേദനങ്ങളോട് പ്രതികരിക്കാനുള്ള ശേഷി ഉണ്ടാകണമെങ്കിൽ സുനിശ്ചിതത്വത്തിലെത്തിക്കുന്ന ആരായലുകൾ നടക്കണം. ആരായലുകളുടെ വഴിയിൽ പുതുവ്യക്തികളും പുത്തൻ അനുഭവങ്ങളും കൂടുതൽ അന്വേഷണത്തിന് നമ്മെ പ്രേരിതരാക്കും. ജ്ഞാനത്തിന്റെ കതിരുകൾ സമീപിക്കാൻ അനുവദിച്ചാലേ ആരായലുകളും അന്വേഷണങ്ങളും നമ്മുടെ ജീവിതത്തിന്റെയും മുദ്രയാകൂ. ജ്ഞാനിയുടെ അടയാളമാണ് അവൻ അന്വേഷിക്കുന്നു എന്നത്. അന്വേഷണമൊടുങ്ങുന്നിടത്ത് കണ്ടെത്തലും ആന്തരികതികവും അന്യമാകുന്നു.

കൊട്ടാരത്തിലന്വേഷിച്ചെത്തിയ ജ്ഞാനികളുടെ മുമ്പിൽ ഹേറോദിന്റെ നിയമജ്ഞരാണ് യഹൂദർക്കു പിറക്കാനിരിക്കുന്ന രാജാവിനെക്കുറിച്ചുള്ള വിവരങ്ങൾ നല്കുക. സംഭ്രമവിധേയനായ രാജാവിന്റെ പരിഭ്രമത്തെ ആളിക്കത്തിക്കാനാകുന്ന മൊഴികളാണ് നിയമജ്ഞർ മിക്കാ പ്രവാചകന്റെ പുസ്തകം ഉദ്ധരിച്ചുനൽകുന്നത്. ഇസ്രായേലിന്റെ രാജാക്കന്മാരുടെ സെക്രട്ടറിമാരായി പ്രവർത്തിച്ചവരാണ് ആരംഭഘട്ടത്തിൽ നിയമജ്ഞർ. ഇസ്രായേലിന്റെ നിയമങ്ങൾ കോപ്പി ചെയ്തു സൂക്ഷിക്കുന്നവരും നിയമത്തിന്റെ വ്യാഖ്യാതാക്കളുമായി അവർ ചരിത്രഗതിയിൽ മാറി. നിയമത്തിന്റെയും റിക്കോർഡുകളുടെയും സൂക്ഷിപ്പുകാരായ ഇവർ പിന്നീട് അദ്ധ്യാപകരുമായിത്തീർന്നു. രാജകൊട്ടാരങ്ങളിൽ പാർത്തിരുന്ന ജ്ഞാനികളാണ് ഹേറോദ് രക്ഷകനെക്കുറിച്ച് ആരാഞ്ഞവർ. സന്ദേഹത്തിലും സംശയത്തിലും ഉദിക്കുന്ന ചോദ്യങ്ങൾ കണ്ടെത്തലിന് ഇടയാക്കും. അവർ പ്രവാചകഗ്രന്ഥങ്ങൾ ഉദ്ധരിക്കുകയാണ്. സംശയം ഉണ്ടായവർ വചനഗ്രന്ഥത്തെ ആശ്രയിച്ചു. വചനഗ്രന്ഥം അവർക്ക് വഴികാട്ടികൊടുത്തു. ജീവിതവഴികളിലെ സംശയങ്ങളിലും അന്വേഷണങ്ങളിലും ദൈവവചനത്തിന്റെ ശേഖരങ്ങളിൽ അന്വേഷിക്കുന്നതാണ് അഭികാമ്യം. ദൈവവചനത്തിനു വട്ടമിട്ടിരിക്കുന്ന ജീവിതങ്ങളിലാണ് സംശയങ്ങളും സന്ദേഹങ്ങളും ഇല്ലാതാകുക. നിത്യതയെയും വർത്തമാനകാലത്തേയും ശുഭപാതയിൽ നിർണ്ണിതമാക്കാൻ ഏറെ സഹായിക്കുന്നത് ദൈവവചനമാണ്. ദൈവവചനം സംഭവിപ്പിക്കാൻ ഒരുക്കമുള്ള മറിയവും യൗസേപ്പും അവരിൽ സംഭവിച്ച വചനവുമാണ് ഈ നാളുകളിലെ നമ്മുടെ ചിന്തയുടെ കാമ്പ്. വചനം നമ്മെ ജ്ഞാനികളാക്കി വഴികളിൽ നിർണ്ണയമായി വർത്തിക്കട്ടെ.ഉള്ളിൽ സംഭ്രമം നിറഞ്ഞവൻ –ഹേറോദ്–പൊള്ളവാക്കുകൾ പറയാൻ തുടുങ്ങുന്നു. നിങ്ങൾ ആരാധിക്കുക. തിരിച്ചുവരുമ്പോൾ എന്നെയും അറിയിക്കുക. ആരാധനയുടെ ഉത്സുകത സൂക്ഷിച്ചവരെ കബളിപ്പിക്കാനാണ് ഹേറോദ് ശ്രമിക്കുന്നത്. ഇന്ന് പല വാക്കുകളും പാഴ്‌വാക്കുകളും പൊള്ളവാക്കുകളും ഉള്ളിൽ കുത്തി ഒളിപ്പിച്ചിരിക്കുന്ന വചനങ്ങളുമാകുന്നു. നേരിന്റെ ആവരണമിട്ട നുണയുടെ ആഘോഷമാണെവിടെയും. പരസ്യങ്ങളിലും രഹസ്യങ്ങളിലും യാഥാർത്ഥ്യത്തെ മറച്ചുവയ്ക്കാനുള്ള തത്രപ്പാടുകളുണ്ട്. പൊള്ളവാക്കുകൾ കേട്ടവർ പുറത്തിറങ്ങിയപ്പോൾ നക്ഷത്രത്തെ കണ്ടു. രാജാവ് പറഞ്ഞയച്ചെങ്കിലും നിശ്ചിതമല്ലാത്ത ലക്ഷ്യമായി ശേഷിച്ചു അവരുടെ അന്വേഷണം. എന്നാൽ അവർക്ക് വഴികാട്ടാൻ നക്ഷത്രം. കൊട്ടാരത്തിൽ നിന്നിറങ്ങിയപ്പോഴും അവർ ഉന്നതങ്ങളെ നോക്കി. അവർ നക്ഷത്രത്തെ അനുഗമിച്ചു. ഭൗമികാധികാരത്തെയോ മണ്ണിന്റെ താരങ്ങളെയോ അല്ല അവർ ഉററുനോക്കിയത്. ഉന്നത നക്ഷത്രത്തെ കണ്ടവരും കാണാൻ ഇറങ്ങിയവരും അന്വേഷിക്കുന്നത് വിണ്ണിൻതാരങ്ങളെയാണ്. വെറുംതാരങ്ങളെയും സൂപ്പർസ്ററാറുകളെയുമല്ല. താരങ്ങൾക്കുപോലും ഇന്ന് താല്ക്കാലികപ്രഭയെ ഉള്ളൂ. നിത്യപ്രകാശത്തിന്റെ കതിരുകൾ സമീപസ്ഥമാകണം ഭൗമികതാരങ്ങൾക്കുജ്വലിക്കാൻ.

യഥാർത്ഥ അന്വേഷകർ ഭവനത്തിലെത്തി ശിശുവിനെ കാഴ്ച വച്ച് ആരാധിച്ചു. അന്വേഷണങ്ങളുടെയെല്ലാം പൂർണ്ണിമയാണ് കാഴ്ചവയ്ക്കലും ആരാധനയും. ശിശുവും അവന്റെ മാതാവും പിതാവും വസിക്കുന്ന ഭവനത്തിലെത്തി. കുടുംബത്തിന്റെ വിശുദ്ധഭൂമിയിലേക്കാണ് ജ്ഞാനികളും എത്തിച്ചേർന്നത്. ഭവനമണ്ഡലത്തിലിറങ്ങിവന്ന രക്ഷകനും രക്ഷയും ഏവർക്കുമുള്ളതാണ്. രക്ഷകന്റെ മുമ്പിൽ ആരാധനയുടെ ഭാവം അവർ സൂക്ഷിച്ചു. ആരാധന എപ്പോഴും ദൈവത്തിനും ദൈവികയാഥാർത്ഥ്യങ്ങൾക്കും മുമ്പിലാണ്. ദൈവികയാഥാർത്ഥ്യങ്ങളോട് ആരാധനയിലേറെ ആദരവും വണക്കവും പുലർത്തുന്നു. ''നീ ദൈവത്തെ ആരാധിക്കുക''(വെളി 19,10). യഥാർത്ഥ ആരാധകർക്ക് വെളിപാടിന്റെ സാദ്ധ്യതയും തുറക്കപ്പെടുന്നു. മറ്റൊരു വഴിക്കു പോകാനുള്ള നിർദ്ദേശം സ്വപ്നത്തിലവർക്കു കിട്ടി. ആരാധകർ പുതുസ്വപ്നങ്ങൾ കാണാനുള്ള കരുതലുള്ളവരാണ്. പുതുസ്വപ്നങ്ങൾ അവരുടെ ജീവിതനിയോഗത്തിന്റെ പൂർത്തീകരിക്കലാണ്. പൂർത്തീകരിക്കപ്പെടേണ്ട നിയോഗങ്ങളിൽ ആരാധകർ നിരന്തരം ആഴപ്പെടുക എന്നത് മുന്നറിയിപ്പുകൾ നൽകുന്ന ദൈവത്തിന്റേയും പദ്ധതിയാണ്.ദൈവപദ്ധതിയുടെ വഴികളിൽ ജ്ഞാനം ചിതറിക്കിടക്കുന്നു. ജ്ഞാനത്തെ അകത്തളത്തിലിരുത്താൻ കഴിയുന്ന ജ്ഞാനികൾ വേണം. ജ്ഞാനി വചനത്തെ ഉപാസിക്കുന്നവനാണ്. പാഴ്വാക്കുകളല്ല അവന്റെ അലങ്കാരം. ഉന്നത നക്ഷത്രപഥങ്ങളിൽ ചരിക്കാനുള്ള സാദ്ധ്യത അവിടെയുണ്ട്. കാഴ്ചയർപ്പണവും ആരാധനയും സമന്വയിച്ച ജീവിതഭാവം രക്ഷകൻ നല്കുന്ന രക്ഷയെ പുൽകലാണ്.

# ഈശോയെ കാണണമെങ്കിൽ

**ഫാ. ജോർജ് ദാനവേലിൽ**

ബത്‌ലെഹേമിലെ ഈശോയുടെ ജന്മസ്ഥലത്തു പണിതീർത്തിരിക്കുന്ന ദൈവാലയത്തിന്റെ നിർമ്മാണം ഏറെ പ്രതീകാത്മകമാണ്. വലിയ മതിൽക്കെട്ടിനിടയിലുള്ള ഒരു ചെറിയ വാതിലിലൂടെ കുനിഞ്ഞുവേണം ദൈവാലയത്തിൽ പ്രവേശിക്കാൻ. പ്രധാന അൾത്താരയുടെ താഴെ ഒരു ഗുഹ കാണാം. ഗുഹയുടെ അന്തർഭാഗം ഏറെ പ്രകാശമാനമാണ്. ലോകത്തിന്റെ പ്രകാശമായ മിശിഹാ യെയാണ് ഇതു പ്രതിബിംബിക്കുക. ഈശോ പിറന്നസ്ഥലം എന്ന് ഇവിടെ രേഖപ്പെടുത്തിയിട്ടുമുണ്ട്.

ഈശോ പിറന്നത് ഒരു കാലിത്തൊഴുത്തിലാണല്ലോ. അതുപോലെ ദൈവാലയത്തിനുള്ളിൽ പ്രവേശിക്കണമെങ്കിൽ കുനിഞ്ഞു കടക്കണം. ഈശോയെ സമീപിക്കാൻ ആഗ്രഹിക്കുന്നവർ എളിമപ്പെടുവാൻ, താഴാൻ, കുനിയാൻ തയ്യാറാകണം എന്നു പ്രതീകാത്മകമായി സൂചിപ്പിക്കുന്നു. ദൈവമായിരുന്നിട്ടും സ്വയം ശൂന്യവത്ക്കരിക്കാൻ തയ്യാറായി ഒരു കാലിത്തൊഴുത്തിൽ ഒതുങ്ങാൻപോലും തയ്യാറായ ഈശോയുടെ ശൈലി സ്വീകരിക്കുകയെന്നത് ഈശോയെ കണ്ടെത്താനും ആവശ്യമാണെന്ന് ഓർമ്മിപ്പിക്കുകയാണ് ഈ സവിശേഷമായ നിർമ്മാണത്തിലൂടെ.

ഈശോയുടെ ജനനത്തെക്കുറിച്ച് അറിഞ്ഞ് ഈശോയെ ആരാധിക്കാൻ ഏറെ ത്യാഗങ്ങൾ സഹിച്ച് അന്വേഷണം നടത്തി അവസാനം ഈശോയെ കണ്ട് ആരാധനയർപ്പിച്ച് കാഴ്ചകൾ നിക്ഷേപിച്ച ജ്യോതിശാസ്ത്രജ്ഞരെക്കുറിച്ചാണ് ഇന്നത്തെ സുവിശേഷം വിശദമാക്കുക.ഈശോയെ ആരാധിക്കാൻ എത്തിയ ഇവർ ഇറാന്റെ വടക്കു പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന മെദിയദേശത്തുനിന്നുള്ള പുരോഹിതഗണത്തിൽപ്പെട്ടവരായിരുന്നു എന്നാണു പണ്ഡിതമതം. അസാധാരണമായി പ്രത്യക്ഷപ്പെട്ട നക്ഷത്രത്തിന്റെ പ്രാധാന്യം മനസ്സിലാക്കുവാൻ വിജാതീയരായ ജ്യോതിശാസ്ത്രജ്ഞർക്കു കഴിഞ്ഞു. എന്നാൽ വിശുദ്ധഗ്രന്ഥശേഖരവും അതിൽ ഏറെ അവഗാഹവുമുണ്ടായിരുന്ന യഹൂദർക്കു തലമുറകളായി പ്രതീക്ഷിച്ചിരുന്ന രക്ഷകനെ തിരിച്ചറിയാൻ സാധിച്ചില്ല. പ്രവാചകൻമാരിലൂടെ ദൈവം അരുളിച്ചെയ്തവയെല്ലാം മനസ്സിലാക്കുവാനുള്ള സാഹചര്യമുണ്ടായിട്ടും അതിനു ശ്രമിക്കാത്ത യഹൂദപ്രമാണികളെയും  പ്രതികൂലസാഹചര്യങ്ങളിലും ഈശോയെ തിരിച്ചറിയുകയും ആരാധിക്കുകയും നിക്ഷേപങ്ങൾ സമർപ്പിക്കുകയും ചെയ്ത വിജാതീയരെയുമാണു സുവിശേഷത്തിൽ നാം കാണുക.

ഈശോയുടെ ജനനത്തെക്കുറിച്ചു വെളിപ്പെടുത്തപ്പെട്ട സത്യം അറിഞ്ഞിട്ടും അത് അന്വേഷിച്ചു സ്വന്തമാക്കാനുള്ള ഹൃദയപരമാർത്ഥതയാണു യഹൂദർക്ക് ഇല്ലാതെ പോയത്. ഈശോയെ അന്വേഷിച്ചിറങ്ങിയ ജ്യോതിശാസ്ത്രജ്ഞർപോലും ആദ്യം ഈശോയെ അന്വേഷിച്ചതു ഹേറോദേസിന്റെ കൊട്ടാരത്തിലാണ്. എന്നാൽ ഈശോ അവിടെയല്ല ജനിച്ചത്, എന്ന സത്യം മനസ്സിലാക്കിയപ്പോൾ അവർ വീണ്ടും ഈശോയെ അന്വേഷിച്ചിറങ്ങുന്നു. ഈ ഹൃദയപരമാർത്ഥതയാണ് ഇന്നു പലർക്കും ഇല്ലാതെ പോകുന്നത് . പലതും സത്യമല്ലെന്നറിഞ്ഞിട്ടും പല കൊട്ടാരങ്ങളും പല സൗകര്യങ്ങളും നല്കുന്ന സുഖശീതളിമ ഉപേക്ഷിക്കാൻ ഇന്നു പലരും തയ്യാറാകുന്നില്ല. സകല ജനത്തിനും രക്ഷയുടെ സന്ദേശവുമായി ഈശോ ആഗതനായപ്പോഴും ഹേറോദേസിന്റെ അരമനയിൽ തമ്പടിച്ചതിലൂടെ ശിക്ഷാവിധി ഏറ്റുവാങ്ങേണ്ടി വന്ന യഹൂദപ്രമാണികളുടെ അവസ്ഥയാണിവർക്കും കരഗതമാവുക.

ലോകത്തിൽ അറിവുള്ളവരെ പണ്ഡിതർ എന്നും ജ്ഞാനികൾ എന്നും രണ്ടായി തിരിക്കാറുണ്ട്. തങ്ങളുടെ ഗവേഷണങ്ങളിലൂടെയും പഠനങ്ങളിലൂടെയും അറിവുനേടുന്ന പണ്ഡിതർ എപ്പോഴും സത്യം കണ്ടെത്തണമെന്നില്ല. എന്നാൽ തങ്ങളുടെ അനുഭവത്തിലൂടെ അറിവുനേടുന്ന ജ്ഞാനികൾ പലപ്പോഴും സത്യം കണ്ടെത്തിയവരായിരിക്കും. കാരണം യഥാർത്ഥ ജ്ഞാനികൾ ഹൃദയപരമാർത്ഥതയുള്ളവരായിരിക്കും.വി.ഗ്രന്ഥത്തിൽ അഗാധപാണ്ഡിത്യം ഉണ്ടായിരുന്നവർക്കു പുൽക്കൂട്ടിൽ ഈശോപിറന്നു എന്നസത്യം ഗ്രഹിക്കാൻകഴിഞ്ഞില്ല.എന്നാൽവിജാതീയരായ ജ്യോതിശാസ്ത്രജ്ഞർക്ക് ഈശോയെകണ്ടെത്താൻകഴിഞ്ഞു.പാണ്ഡിത്യത്തേക്കാളുപരി ഹൃദയപരമാർത്ഥതയോടെ ഈശോയെ അന്വേഷിക്കുന്നവർക്കാണ് എന്നും ഈശോയെ കണ്ടെത്താൻ കഴിയുക.

ഈശോയുടെ ജനനത്തെക്കുറിച്ചു കേട്ടറിഞ്ഞ ഹേറോദേസ് രാജാവ് അസ്വസ്ഥനാകുന്നു.(2/3).തന്റെ അധികാരത്തിനു ഭീക്ഷണിയായി യഹൂദന്മാരുടെ രാജാവായി ഒരു ശിശു ജനിച്ചു എന്ന വാർത്തയാണു ഹോറോദേസിനെ അസ്വസ്ഥനാക്കുക. തിന്മയുടെയും അന്ധകാരത്തിന്റെയും ശക്തികൾക്ക് എന്നും മറ്റുള്ളവർ ഭീക്ഷണിയാണ്.ഭൗതികസുഖഭോഗങ്ങളിൽ മുഴുകി ഏതുവിധേനയും കൂടുതൽ അധികാരം സ്വന്തമാക്കണമെന്നും സ്വന്തമാക്കിയ അധികാരം എങ്ങനെയും നിലനിർത്തമെന്നും ആഗ്രഹിക്കുന്നവർക്ക് എന്നും മറ്റുള്ളവരെ ഭീതിയോടെ മാത്രമേ നോക്കാനാവൂ.അവർ എന്നും അസ്വസ്ഥരുമായിരിക്കും. തിന്മയിലൂടെയും കുതന്ത്രങ്ങളിലൂടെയും കെട്ടിപ്പടുത്ത സാമ്രാജ്യം, സമ്പത്ത്, പേര് , പ്രശസ്തി ഇവ തകർന്നു വീഴുമെന്ന ഭീതിയാണ് ഇന്നു പലരെയും അസ്വസ്ഥമാക്കുക. ഹോറോദേസിനൊപ്പം ജറുസലേം മുഴുവനും അസ്വസ്ഥമായി എന്നാണു പറയുക. തിന്മയ്ക്കു കൂട്ടുനിൽക്കുന്ന സ്തുതിപാലകരുടെ അവസ്ഥയാണിത്. ഇന്നു നാമും അസ്വസ്ഥത നിറഞ്ഞ മനസ്സുമായാണോ ജീവിക്കുക? എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് ചിന്തിക്കുകയും മോചനം നേടാൻ പരിശ്രമിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഉള്ളിന്റെയുള്ളിൽ മുഴങ്ങുന്ന മനഃസാക്ഷിയുടെ മന്ത്രങ്ങൾ അവഗണിച്ചാൽ എന്നും അസ്വസ്ഥതയായിരിക്കും ഫലം എന്നു മറക്കാതിരിക്കാം.

രാജാക്കന്മാരെയും മറ്റും കാണാൻ പോകുമ്പോൾ സമ്മാനങ്ങൾ നൽകുന്ന പതിവ് പൗരസ്ത്യദേശങ്ങളിൽ സാധാരണമായിരുന്നു. ഈ പതിവനുസരിച്ചാണി ജ്യോതിസ്ത്രജ്ഞന്മാർ ഈശോയ്ക്കു സമ്മാനങ്ങൾ കാഴ്ച്ചയായി സമർപ്പിക്കുക. ഈശോയെ ഒരു രാജാവായി അംഗീകരിച്ചുകൊണ്ടാണ് രാജാവിനുള്ള സമ്മാനമായ സ്വർണ്ണം സമർപ്പിക്കുക. ഈശോയെ ഒരു പുരോഹിതനായി അംഗീകരിച്ചുകൊണ്ടാണ് കുന്തുരുക്കം കാഴ്ചയായി അർപ്പിക്കുക. ഈശോയുടെ ശിഷ്യത്വം അതിന്റെ പൂർണതയിലെത്തുക ഈശോയെ രാജാവായും പുരോഹിതനായും പ്രവാചകനായും അംഗീകരിച്ച് തങ്ങളെ തന്നെ പൂർണ്ണമായും സമർപ്പിക്കാൻ ഈശോയെ ഏറ്റുപറയുന്നതിന്റെ ബാഹ്യമായ അടയാളമായാണ് ജ്യോതിശാസ്ത്രജ്ഞർ കാഴ്ചകൾ സമർപ്പിച്ചത്. ഈശോയ്ക്കു കാഴ്ചവ

യ്ക്കാൻ ഇന്നു എന്താണ് നമുക്കുള്ളത്? നിർമ്മലമായ ഒരു ഹൃദയമായിരിക്കട്ടെ നമ്മൾ കാഴ്ചയായി അർപ്പിക്കുക. ഈശോയെക്കണ്ട് ആരാധനയർപ്പിച്ച ജ്യോതിശാസ്ത്രജ്ഞർ മറ്റൊരു വഴിയിലൂടെ തിരികെപോയി എന്നാണ് സുവിശേഷത്തിൽ നാം വായിക്കുക. ഈശോയെ കണ്ടെത്തുന്ന ഒരുവനും തന്റെ പഴയവഴിയിലൂടെ പിന്നിട് ചരിക്കാനാവില്ല. സക്കേവൂസിന്റെയും സാവൂളിന്റെയും ജീവിതമെല്ലാം നമ്മെ പഠിപ്പിക്കുന്ന സത്യമിതാണ്.ഹൃദയപരമാർത്ഥതയോടെ നമുക്കും ഈശോയെ തേടിയിറങ്ങാം.നിർമ്മലമായ ഹൃദയം കാഴ്ചയായി അർപ്പിക്കാം. അപ്പോൾ നമ്മുടെ അസ്വസ്ഥതകൾ എല്ലാം തന്നെ ഇല്ലാതാവും. പക്ഷേ ഇതിനു നാം പല കൊട്ടാരങ്ങളിൽനിന്നും ഇറങ്ങിപ്പുറപ്പെടാൻ തയ്യാറാവണം. ഈശോയെ കണ്ടെത്തിക്കഴിഞ്ഞാൽ വഴിമാറിയാത്രചെയ്യാനും നാം തയ്യാറാവണം.....

# നക്ഷത്രത്തെ കണ്ടവർ

**ഡോ.തോമസ് പാറയ്ക്കൽ**

**സ്ഥൂ**ലശരീരത്തിനകത്തു സ്ഥിതിചെയ്യുന്ന ആന്തരികസത്തയെ കണ്ടെത്തുകയാണ് വിജ്ഞാനിയുടെ ധർമ്മമെന്ന നിലപാടിൽ നമ്മളെയുറപ്പിക്കുകയാണ് ഇന്നത്തെ സുവിശേഷം (മത്താ2:1–11).ഹൃദയത്തിൽ എളിമ മുഖ്യഭാഗമാക്കിയ വിജ്ഞാനികൾ കിഴക്കു ദിക്കിൽ നിന്ന് യൂദന്മാർക്ക് രാജാവായവനെ തേടി ഇറങ്ങുകയാണ്. ബുദ്ധിജീവികളുടെ പ്രതിനിധികളെങ്കിലും വൈജ്ഞാനിക താഴ്മകൊണ്ടലംകൃതരായിരുന്നു ഇവർ. അവർ ലഭിച്ച അറിവ് അന്വേഷണത്തിന്റെ ആരംഭമാക്കിത്തീർത്തു. അന്വേഷണം അവരെ തെറ്റായ പഥങ്ങളിലൂടെ നടത്തിയെങ്കിലും യഥാർത്ഥ ലക്ഷ്യത്തിലെത്തിച്ചു; ദൈവാനുഭവത്തിൽ. അവർ കണ്ടത് പൈതലിനെയാണ്; സ്ഥൂലശരീരത്തിൽത്തന്നെ നിസ്സാരമായതിനെ. ശരീരമെടുത്ത് അമ്മയായ മറിയത്തോടൊപ്പം കാണപ്പെടുന്നത് ഈശ്വരസത്തയെന്നവർ ഗ്രഹിച്ചു. ദൈവാനുഭവത്തിന്റെയും ആത്മംനിറഞ്ഞ ആനന്ദത്തിന്റെയും തികവിൽ അവർ മറ്റൊരു വഴിയേപോയി. അറിവിന്റെയും

അന്വേഷണത്തിന്റെയും പാതകളെല്ലാം ദിവ്യശിശുവിന്റെ സവിധത്തിലേക്കു നയിക്കുന്നു. നക്ഷത്രക്കാഴ്ചയാണ് അവരെ അന്വേഷണത്തിനു പ്രേരിപ്പിച്ചത്. രക്ഷകൻ അവന്റെ പ്രാഭവം പ്രകൃതിയിൽ പ്രകടമാക്കുന്നു എല്ലാകാലങ്ങളിലും. നമ്മുടെ നാളുകളിലും പ്രകൃതിയിലും പ്രകൃതിപ്രതിഭാസങ്ങളിലും പ്രകടമാകുന്ന ഈശ്വരസാന്നിദ്ധ്യത്തെ ഗ്രഹിക്കുവാനുള്ള വൈജ്ഞാനികതാഴ്ച നമ്മളിൽ നിന്നും ആവശ്യപ്പെടുന്നുണ്ട്. രക്ഷകന്റെ മാമ്മോദീസാവേളയിൽ സ്വർഗ്ഗം തുറക്കപ്പെട്ടു. പിതാവ് തുറന്ന സ്വർഗ്ഗത്തിലൂടെ പുത്രനോടുള്ള കരുതൽ വാചകമാക്കി. പരസ്യജീവിതപാരമ്യത്തിൽ പ്രിയപ്പെട്ട മൂന്നുശിഷ്യന്മാരോടൊപ്പം ഉയർന്നമലയിൽ പ്രഭാപൂരിതനായി പുത്രൻ മോശയോടും ഏലിയായോടുമൊപ്പം നിന്നു. മരണവേളയിൽ ദേവാലയതിരശ്ശീല കീറി. പ്രേതാലയങ്ങൾ തുറക്കപ്പെട്ടു. പാറകൾ പൊട്ടിപ്പിളർന്നു തുടങ്ങിയ പ്രതിഭാസങ്ങൾ ഉണ്ടായി. പ്രകൃതി രക്ഷകന്റെ പ്രഭാവപ്രഘോഷണമാണ് നടത്തുന്നത്. രക്ഷകന് പ്രകൃതിയിൽ നിന്നകന്നിരിക്കാനാവുന്നില്ല. പ്രകൃതിയോടു ഭിന്നിച്ച് രക്ഷ ആർക്കുംസുഗമമല്ല.

നക്ഷത്രം ജ്ഞാനികൾക്ക് സത്യത്തിലേക്കുള്ള ചൂണ്ടുപലകയായിരുന്നു. പാണ്ഡിത്യത്തെ അറിവിന്റെ വഴികളിലെ അന്വേഷണത്തിനാരംഭമാക്കി അവർ ഇറങ്ങിത്തിരിച്ചു. സത്യത്തെ നിഷേധിക്കാനുളള വെമ്പലല്ല ഹൃദയതാഴ്ചയിൽ സത്യത്തോടുള്ള ആദരപൂർണ്ണമായ ഇറങ്ങിപ്പുറപ്പെടലാക്കണം നമ്മുടെ ജീവിതവും നമ്മുടെ കാലങ്ങളിൽ. അറിവിനെ ആത്മശക്തിയാക്കിത്തീർക്കുകയാണ് യഥാർത്ഥ അന്വേഷകൻ. അന്വേഷണത്തിനിടയിൽ വഴികൾ പിണയാം. വിജ്ഞാനമുണ്ടെങ്കിലും വഴി തെറ്റാം. വഴിതെറ്റിയവർ രാജകൊട്ടാരത്തിലെത്തി. അത് രാജാവിനും കിങ്കരന്മാർക്കും ജറുസലേം നഗരിക്ക് തന്നെയും സംഭ്രമകാരണമായി. ജറുസലേം ഹേറോദിനോടൊപ്പം വഴിതെറ്റിയവരെ ശരിവഴിയിലാക്കാൻ വഴി ആരാഞ്ഞു. അവർ ഒന്നടങ്കം വചനത്തിലേക്കു തിരിയുകയാണ്. വഴിതേടുന്നവർക്കും വഴിതെറ്റിയവർക്കും സംഭ്രമത്തിൽ പെട്ടവർക്കും ഒരുപോലെ വെളിപാടുതീർക്കുന്ന ദൈവവചനം മാത്രമാണ് പരിഹാരം. വചനാർജ്ജനത്തിന്റെ വഴികളിലും കരുതൽ വേണം. വചനത്തെ ആത്മശക്തിയാക്കണം. ആക്രമണത്തിന്റെ കാരണമാക്കരുത്. ഹേറോദിനു കിട്ടിയ അറിവ് ശിശുവിനെ നശിപ്പിക്കാനുള്ള വാളിന്റെ ഒരുക്കമായി. വചനമാകുന്ന വാളുകൊണ്ട് അറിവിനെ ആത്മശക്തിയും ആനന്ദവുമാക്കുന്നഗുരുശ്രേഷ്ഠരാണ് മൂന്നുജ്ഞാനികൾ.

രക്ഷകജനനത്തിന്റെ ഇടം വചനത്തിൽ നിന്നു ഗ്രഹിച്ച് കൊട്ടാരം വിട്ടവർക്കു മുമ്പിൽ കിഴക്കു കണ്ടനക്ഷത്രം വഴികാട്ടുന്നു.സംശയങ്ങളുടെയും സന്ദേഹങ്ങളുടെയും സ്വാഭാവിക ചിന്തകളുടെയും പെരുപ്പത്തിനുള്ളിൽ വഴികാട്ടുന്ന നക്ഷത്രങ്ങൾ മറഞ്ഞുപോകാതിരിക്കാനുള്ള വിവേകം നമുക്ക് നഷ്ടമാകരുത്. കൺമുമ്പിലുണ്ടായിരുന്നതും മറഞ്ഞുപോയതുമായ നക്ഷത്രം തിരിച്ചെത്തി പ്രഭചൊരിഞ്ഞപ്പോൾ അവർഅത്യധികം ആഹ്ലാദിച്ചു. കൈപ്പിടിയിലുള്ളത്-

കൺവെട്ടത്തുള്ളത്–നഷ്ടപ്പെടുന്നിടത്ത് ആഹ്ലാദം തിരോഭവിക്കുന്നു. വീണ്ടും കണ്ടെത്തുമ്പോൾ ദിശാബോധം കാട്ടുവാൻ നക്ഷത്രമുണ്ടാകും. ആ വഴി സുനിശ്ചിതപാതയായിരിക്കും; രക്ഷകനിലെത്തിക്കുന്നവഴി രക്ഷകസവിധത്തിൽ അർപ്പണവും ആരാധനയും നടന്നു. നിക്ഷേപപാത്രങ്ങൾ തുറന്നുള്ള സമർപ്പണം. ശിരസ്സ് നമിച്ചുള്ള ആരാധന. കൊടുക്കുന്നതിൽനിന്ന് അവരെ പിന്തിരിപ്പിച്ചില്ല അവരുടെ അറിവ്. അറിവ് കൂടുതൽ ചൈതന്യത്തോടെ നല്കാനാണവർക്കു പ്രേരണയായത്. കൊടുക്കുന്ന മനോഭാവം അവർക്കു പ്രധാനമായിരുന്നു. കൊടുത്തത് ഭൗതികദൃഷ്ടിയിലും നിസ്സാരമായിരുന്നില്ല. ഭൗതിക ദൈവികമണ്ഡലങ്ങളിൽ സ്വീകാര്യമായതു കൊടുക്കാൻ, സ്വീകാര്യമാകുംവിധം കൊടുക്കാൻ ആത്മശക്തിയിലും ആഹ്ലാദനിറവിലും നല്കാൻകഴിയുകയാണ് അറവിന്റെകതിർ. ആത്മസമർപ്പണം പുതുവഴി സ്വീകരിക്കുവാനുള്ള ഉൾക്കാഴ്ച നല്കുന്നതാണ്. സ്വപ്നദർശനവും മനഃസ്സാക്ഷിയുടെ സ്വരശ്രവണവും ഒന്നിച്ചപ്പോൾ സമർപ്പണം പുതുവഴി സൃഷ്ടിക്കുന്നു.രക്ഷയുടെ വഴികൾ തീർക്കണം. സ്വപ്നദർശനവും മനസാക്ഷിയുടെ സ്വരവും സ്വീകരിക്കണം. അറിവിനെ സ്ഥലകാലസാഹചര്യങ്ങളിൽ നെറിവായി മാറ്റണം. വിജ്ഞാനിയുടെ വഴികളതാണ്.

# ഉയരങ്ങളിലേക്കുയരട്ടെ ഹൃദയവികാരവിചാരങ്ങൾ

**ഫാ. ജോസഫ് ആലഞ്ചേരിൽ**

ജ്ഞാനികളുടെ സന്ദർശനത്തെക്കുറിച്ചാണു പിറവിക്കാലത്തെ ഒന്നാം ഞായറാഴ്ച തിരുസ്സഭ നമ്മോടു പറയുന്നത്. ആട്ടിടയന്മാരെയും വൃദ്ധരായ ശെമയോനെയും അന്നായെയും ഒഴിവാക്കി നാലു സുവിശേഷകന്മാരിൽ ഏറ്റവും വലിയ യഹൂദനായ വി.മത്തായി വിജാതീയരായ ജ്ഞാനികളെ അവതരിപ്പിക്കുന്നതിൽനിന്നു തന്നെ ഈ സംഭവത്തിന്റെ പ്രാധാന്യം വ്യക്തമാണ്. ഇസ്രായേൽക്കാർ വെറുത്തിരുന്ന ആളുകളാണ്, പുറജാതിക്കാർ. പാലസ്തീനായിലെ യഹൂദരായ ക്രിസ്ത്യാനികൾക്കുവേണ്ടിയാണ് വി.മത്തായി സുവിശേഷം എഴുതുന്നതുതാനും. ഇങ്ങനെ ചിന്തിക്കുമ്പോൾ ഒരു വിധേനയും ഒഴിവാക്കാൻ പറ്റാതിരുന്നതുകൊണ്ടാണു മത്തായിശ്ലീഹാ ഈ

സന്ദർശനത്തെക്കുറിച്ച് എഴുതുന്നതെന്നാണ് ബൈബിൾ പണ്ഡിതന്മാർ പറയുന്നത്. അസാധാരണക്കാരായ ഈ സന്ദർശകരെക്കുറിച്ചും അവരുടെ വരവിനെക്കുറിച്ചും മൂന്നു കാര്യങ്ങൾ വ്യക്തമായി വി. മത്തായി പറയുന്നു: സന്ദർശകർ ജ്ഞാനികളായിരുന്നു, അവർ വന്നതു പൗരസ്ത്യദേശത്തുനിന്നാണ്. അദ്ഭുതകരമായ ഒരു നക്ഷത്രം കണ്ടാണ് അവർ വന്നത്.

ജോർദ്ദാൻ നദിയുടെ കിഴക്കുള്ള പ്രദേശങ്ങൾ മുഴുവൻ പൗരസ്ത്യദേശത്തിൽപ്പെടും. കിഴക്ക് അറേബ്യൻ മരുഭൂമിയും ബാബിലോണിയായും വളരെ ദൂരെ പേർഷ്യയുമാണുള്ളത്. പ്രസിദ്ധനായ അമേരിക്കൻ ദൈവശാസ്ത്രജ്ഞൻ ജോനാഥൻ എഡ്വേർഡ്സാണ് ഇക്കാര്യത്തിൽ വളരെ യുക്തിപൂർവ്വമായ വിവരങ്ങൾ നൽകുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ജ്ഞാനികൾ പേർഷ്യക്കാരായിരുന്നു. ഇവർക്കു രക്ഷകനെക്കുറിച്ചുള്ള അറിവു കിട്ടിയതു ബാബിലോൺ പ്രവാസകാലത്ത് യഹൂദർ കൂടെക്കരുതിയിരുന്ന വി. ഗ്രന്ഥങ്ങളുടെ കൈയെഴുത്തുപ്രതികളിൽ നിന്നാണ്. ജ്ഞാനികളെ സൂചിപ്പിക്കുന്ന 'മാഗി' എന്ന പദം പേർഷ്യയിലാണ് ഉദ്ഭവിച്ചത്. മിശിഹായെക്കുറിച്ചുള്ള വ്യക്തമായ പ്രവചനഭാഗം (ദാനി 7:13-14) ഉൾക്കൊള്ളുന്ന ദാനിയേലിന്റെ പുസ്തകം പേർഷ്യയിൽ വച്ച് എഴുതപ്പെട്ടതാണെന്നു ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

കിഴക്കിനു പൗരസ്ത്യമതങ്ങളിലെല്ലാം മറ്റു ദിക്കുകളേക്കാൾ ശ്രേഷ്ഠമായ സ്ഥാനമാണുള്ളത്. പ്രധാന കാരണം സൂര്യൻ കിഴക്കുദിക്കുന്നു എന്നതാണ്. ദൈവത്തിന്റെ കാണപ്പെടുന്ന പ്രഭാവലയമായാണു പല പൗരസ്ത്യമതക്കാരും സൂര്യനെ കണ്ടിരുന്നത്. കിഴക്കിനെ പൂർവ്വികരുടെ സ്ഥല(പിതൃസ്ഥാന)മായും പലരും കരുതിയിരുന്നു. ദൃശ്യലോകത്തിനു വെളിച്ചം നൽകുന്ന പ്രതീകാത്മകമായ പ്രകാശമെന്ന നിലയിൽ സൂര്യനെ കണക്കാക്കിയ വി. ബൈബിൾ ആത്മീയലോകത്തിനു വെളിച്ചം നൽകുന്ന പ്രകാശമായ മിശിഹായുടെ വരവും കിഴക്കുനിന്നാണെന്ന് ഓർമ്മിപ്പിക്കുന്നു. സഖറിയാ 14:4 ൽ 'ജറുസലേമിനു പുറത്തുള്ള ഒലിവുമലയിൽ അന്ന് അവിടുന്ന് നിലയുറപ്പിക്കുമെന്നും' ഏശയ്യ 41:25 ൽ 'കിഴക്കുനിന്ന് ഞാൻ അവനെ പേരു ചൊല്ലി വിളിച്ചു' എന്നും എഴുതപ്പെട്ടിരിക്കുന്നു. രക്ഷകനെക്കുറിച്ചുള്ള എല്ലാ പ്രതീക്ഷകളിലും കിഴക്കിനു പ്രമുഖമായ സ്ഥാനമാണുണ്ടായിരുന്നത്.

വില്യം ഡി. വാലിസ് എന്ന പ്രസിദ്ധനായ അമേരിക്കൻ നരവംശ ശാസ്ത്രജ്ഞൻ ''പ്രകാശദാതാവും മനുഷ്യകുലത്തിന്റെ സഹായകനു'മെന്ന നിലയിൽ ചരിത്രം എഴുതപ്പെടുന്നതു മുതൽ രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷ നിലനിന്നിരുന്നുവെന്നു സമർത്ഥിക്കുന്നു. 'പൗരസ്ത്യദേശത്തുനിന്ന് ഒരു മഹാജ്ഞാനി ഉദയം ചെയ്യുമെന്നും, ലോകം മുഴുവൻ അടക്കി ഭരിക്കാനുള്ളവൻ യൂദയായിൽ നിന്നുപുറപ്പെടുമെന്നും 'കൺഫ്യൂഷ്യസും സിസറോയു മുൾപ്പെടുന്ന വലിയ ജ്ഞാനികൾ പ്രവചിച്ചിരുന്നു. ഇവയെക്കുറിച്ചെല്ലാം വാനനിരീക്ഷകരായ ജ്ഞാനികൾക്ക് അറിവുണ്ടായിരുന്നു എന്നു വേണം അനുമാനിക്കാൻ. അദ്ഭുതകരമായ ആ

നക്ഷത്രത്തിന്റെ ഉറവിടം തേടി അവർ ബേത്‌ലഹേമിലെത്തി. ക്ലേശകരമായ ആ യാത്രയ്ക്കൊടുവിൽ അപ്പത്തിന്റെ ഭവനത്തിൽ ലോകത്തിന്റെ നിയന്താവായ വലിയ രാജാവിനെ അവർ കണ്ടു. പേർഷ്യക്കാരുടെ ആചാരരീതിയനുസരിച്ചു രാജാവിനെ വണങ്ങുന്നതിനായി വന്നതുകൊണ്ട് അവർ കാഴ്ചവസ്തുക്കൾ കരുതിയിരുന്നു. പൊന്നും മീറയും കുന്തിരിക്കവും ദരിദ്രനായ ശിശുവിന്റെ പാദങ്ങളിൽ സമർപ്പിച്ച് ആദ്ധ്യാത്മികതയോളം ഈ ലോകത്തെ അടക്കി ഭരിക്കാൻ പോന്ന യാതൊരു ശക്തിയുമില്ലെന്നു മഞ്ഞുപെയ്യുന്ന ആ രാത്രിയിൽ സർവ്വപ്രപഞ്ചത്തോടുമായി അവർ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു! കപടത ഉള്ളിൽ ഒളിപ്പിച്ച് മധുരഭാഷണം നടത്തിയ ഹേറോദോസുമാരുടെ വംശപരമ്പരകൾക്കു നൈർമ്മല്യത്തിന്റെ പിള്ളക്കച്ച പൊതിഞ്ഞ ഈ ദേഹത്തിനു മുമ്പിൽ തോൽക്കുകയേ നിവൃത്തിയുള്ളൂവെന്ന് ആകാശത്തു തെളിഞ്ഞ നക്ഷത്രം ഈ ലോകത്തെ കൂടക്കൂടെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. ആകാശങ്ങളിലേക്കു നോക്കിയിരുന്നതു കൊണ്ടാണു ജ്ഞാനികൾക്ക് 'അവന്റെ നക്ഷത്രം' കാണാൻ കഴിഞ്ഞത്. വീടിന്റെ ഉമ്മറപ്പടിയിൽ ചാരുകസേരയിൽ ചാരിക്കിടന്ന് കൊച്ചുമക്കളെ ആകാശത്തു നക്ഷത്രങ്ങളെ കാണിച്ചു കൊടുത്തിരുന്ന വല്യപ്പച്ചന്മാരെ നമുക്കു നഷ്ടമാകുന്നു. പൂർവ്വികന്മാർ കാണിച്ചുകൊടുത്തിരുന്ന നക്ഷത്രക്കാഴ്ചകളിലൂടെ ദൈവത്തിന്റെ സന്നിധിയിലേക്കു ചിന്തകളുയർത്തിയിരുന്ന എത്രയോ കുഞ്ഞുങ്ങൾ നമുക്കുണ്ടായിരുന്നു. ഇന്നാരും നക്ഷത്രങ്ങളെ കാണിക്കുന്നില്ല.

ലിസ്യൂവിലെ തന്റെ പ്രിയപ്പെട്ട ഉദ്യാനത്തിൽ ആകാശത്തിലെ നക്ഷത്രങ്ങളെ, പപ്പ കാണിച്ചുകൊടുത്തപ്പോഴാണ് കൊച്ചുത്രേസ്യാ പ്രസിദ്ധമായ ആ വാക്യം പറഞ്ഞത്: ''ഞാനും ആകാശത്തെ ഒരു നക്ഷത്രമാകും. എന്നിട്ട് ആ പൂന്തോട്ടത്തിലേതുപോലെ റോസാപ്പൂക്കളെ അവിടെനിന്നു താഴേക്ക് വാരി വിതറും.'' ആകാശങ്ങളിലെ നക്ഷത്രങ്ങളെ കാണാൻ കഴിയാതെ ഭൂമിയിലെ സ്റ്റാറുകളിൽ നമ്മുടെ കുഞ്ഞുങ്ങളുടെ കണ്ണുകൾ ഉടക്കിക്കിടക്കുമ്പോഴാണു ദൈവത്തിന്റെ ഭാഷ നമുക്കു നഷ്ടമാകുന്നത്. ഒന്നു പ്രാർത്ഥിക്കണമെന്നു പറയാൻ പോലും നാം മടിക്കുന്നു. ആകാശങ്ങളിലേക്കുയരുന്ന കണ്ണുകൾ നമുക്കു വേണമെന്നു ജ്ഞാനികൾ നമ്മോടു പറയുന്നു. 'ഉയരങ്ങളിലേക്കുയരട്ടെ ഹൃദയവികാരവിചാരങ്ങൾ' എന്നു വിശുദ്ധകുർബാനയിൽ നാം പാടാറുണ്ടല്ലോ. നീതിസൂര്യനായ മിശിഹായേ, നക്ഷത്രങ്ങൾ ഞങ്ങളിൽ നിന്ന് അനേക ദൂരെയകലെയാണ്. ജ്ഞാനികളുടെ കണ്ണുകൾ ഞങ്ങൾക്കു തരണേ!